# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 670

12.06.2013 - ൽ മറുപടിയ്ക്ക്

## മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. കെ. എൻ. എ. ഖാദർ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | എ) | ഔഷധ സസ്യങ്ങളുടെ വിവര ശേഖരണം, തനത് ആവാസ വ്യവസ്ഥയിലേയും ആവാസ വ്യവസ്ഥയ്ക്ക് പുറമെയുള്ള സംരക്ഷണം, ഔഷധ സസ്യങ്ങളുടെ കൃഷി, ബോധവൽക്കരണം, ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉൽപ്പാദനം, സ്കൂളിൽ ഒരു ഔഷധത്തോട്ടം, ഗൃഹാങ്കണത്തിൽ ഒരു ഔഷധോദ്യാനം, ദേശീയ ആംലാ മിഷൻ, ജില്ലാതല ഔഷധസസ്യ ഉദ്യാനങ്ങൾ, സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലെ ഉദ്യാനങ്ങൾ, സർക്കാർ ആയുർവേദ ആശുപത്രികളിലേയും ഡിസ്പെൻസറി കളിലേയും ഉദ്യാനങ്ങൾ, വിവിധ ഗവേഷണ പദ്ധതികൾ തുടങ്ങി ഔഷധ സസ്യ മേഖലയെ പരിപോഷിപ്പിക്കാൻ ഉതകുന്ന വിവിധ പദ്ധതികൾ സംസ്ഥാന ഔഷധ സസ്യ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്.<br>സർക്കാർ സർക്കാരിതര തരിശു ഭൂമികളിലെ ഔഷധ സസ്യ കൃഷി, വനം വകുപ്പ്, വനം വികസന കോർപ്പറേഷൻ, ഹോമിയോ, ജയിൽ, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ വിപുലമായ രീതിയിലുള്ള ഔഷധ സസ്യത്തോട്ടങ്ങൾ തുടങ്ങിയ പദ്ധതികളും സംസ്ഥാന ഔഷധ സസ്യ |

ബോർഡ് നടപ്പാക്കി വരുന്നു. മേൽ പദ്ധതികൾ എല്ലാംതന്നെ ദേശീയ ഔഷധ സസ്യബോർഡിന്റെയും 2012 മുതൽ സംസ്ഥാന സർക്കാരിന്റേയും സാമ്പത്തിക സഹായത്തോടെ നടപ്പാക്കി വരുന്നവയാണ്.

ബി) സംസ്ഥാനത്ത് മരുന്ന് നിർമ്മാണത്തിന് ഏറ്റവും കൂടുതൽ ആവശ്യമുള്ള മെഡിസിനൽ പ്ലാന്റുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ;

(ബി) ഉണ്ട്. സംസ്ഥാനത്ത് മരുന്ന് നിർമ്മാണത്തിന് ഏറ്റവും കൂടുതൽ ആവശ്യമുള്ള ഔഷധ സസ്യങ്ങളുടെ പേരുകൾ അടങ്ങിയ വിശദമായ വിവരം അനുബന്ധമായി ചേർക്കുന്നു.

സി) ആദിവാസി വിഭാഗത്തിന് ഉന്നമനം ലക്ഷ്യമിട്ട് മെഡിസിനൽ പ്ലാന്റ് ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ :

(സി) ആദിവാസി വിഭാഗത്തിന് ഔഷധ സസ്യ ബോധവൽക്കരണം ലക്ഷ്യമാക്കി പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്കായി ഔഷധ സസ്യ കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഒരു പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ സംസ്ഥാന ഔഷധ സസ്യ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്.

ഡി) വനമേഖലയിൽ മാത്രം വളരുന്ന മരുന്നു ചെടികൾ അവിടങ്ങളിൽ നട്ടുപിടിപ്പിച്ച് ലഭ്യത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ?

(ഡി) വനമേഖലയിലെ വംശനാശം നേരിടുന്ന സസ്യങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായി സംസ്ഥാന ഔഷധ സസ്യ ബോർഡ് വനം വകുപ്പും വനം വികസന കോർപ്പറേഷനുമായും ചേർന്ന് വിവിധ പദ്ധതികൾ, ദേശീയ ഔഷധ സസ്യബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കിക്കൊ ണ്ടിരിക്കുന്നുണ്ട്. പ്രസ്തുത പദ്ധതികളിൽകൂടി സംസ്ഥാന വനം വകുപ്പ് ഏകദേശം 1200 ഹെക്ടറിലും സംസ്ഥാന വനം വികസന കോർപ്പറേഷൻ 300 ഹെക്ടറിലും ഔഷധ സസ്യ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം-1 (എ)

# ഹ്രസ്വകാല വിളകൾ

| | ശാസ്ത്രീയനാമം | മലയാളനാമം | ഉപയോഗഭാഗം |
|---|---|---|---|
| 1. | *Acorus calamus* | വയമ്പ് | കിഴങ്ങ് |
| 2. | *Adhatoda zeylanica* | ആടലോടകം | വേര് |
| 3. | *Aloe barbadensis* | കറ്റാർവാഴ | ഇലകൾ |
| 4. | *Alpinia calcarata* | ചിറ്ററത്ത | വേര് |
| 5. | *Andrographis paniculata* | കിരിയാത്ത | സമൂലം |
| 6. | *Asparagus racemosus* | ശതാവരി | കിഴങ്ങ് |
| 7. | *Bacopa monnieri* | ബ്രഹ്മി | സമൂലം |
| 8. | *Baliospermum montanum.* | നാഗദന്തി | വേര് |
| 9. | *Boerhaavia diffusa* | തഴുതാമ | വേര് |
| 10. | *Coscinium fenestratum* | മരമഞ്ഞൾ | തൊലി |
| 11. | *Desmodium gangeticum* | ഓരില | വേര് |
| 12. | *Eclipta prostrata* | കഞ്ഞുണ്ണി | ഇലകൾ |
| 13. | *Hemidesmus indicus* | നറുനീണ്ടി | കിഴങ്ങ് |
| 14. | *Holostemma ada-kodien* | അടപതിയൻ | കിഴങ്ങ് |
| 15. | *Indigofera tinctoria* | നീലയമരി | ഇലകൾ |
| 16. | *Kaempferia galanga* | കച്ചോലം | കിഴങ്ങ് |
| 17. | *Mucuna pruriens* | നായ്ക്കൊർണ്ണ | ഫലം |
| 18. | *Ocimum sanctum* | തുളസി | ഇല, വേര് |
| 19. | *Phyllanthus amarus* | കീഴാർനെല്ലി | സമൂലം |
| 20. | *Piper longum* | കാട്ടുതിപ്പലി | ഫലം |
| 21. | *Plumbago indica* | കൊടുവേലി | കിഴങ്ങ് |
| 22. | *Pseudarthria viscida* | മൂവില | വേര് |
| 23. | *Rauvolfia serpentina* | സർപ്പഗന്ധി | വേര് |
| 24. | *Ricinus communis* | ആവണക്ക് | വേര് |
| 25. | *Sida rhombifolia ssp. retusa* | കുറുന്തോട്ടി | വേര് |
| 26. | *Solanum anguivi* | ചെറുവഴുതന | വേര് |
| 27. | *Solanum torvum* | പുത്തിരിച്ചുണ്ട | വേര് |
| 28. | *Strobilanthes ciliatus* | കരിങ്കുറിഞ്ഞി | വേര്, സമൂലം |
| 29. | *Tinospora cordifolia* | ചിറ്റമൃത് | വള്ളി |
| 30. | *Tragia involucrata* | കൊടുത്തൂവ | വേര് |
| 31. | *Tribulus terrestris* | ഞെരിഞ്ഞിൽ | ഫലം |
| 32. | *Trichosanthes cucumerina* | കാട്ടുപടവലം | സമൂലം |
| 33. | *Withania somnifera* | അമുക്കുരം | വേര് |
| 34. | *Curcuma aromatica* | കസ്തൂരിമഞ്ഞൾ | കിഴങ്ങ് |

അനുബന്ധം-1 (ബി)

# വൃക്ഷവിളകൾ

| | ശാസ്ത്രീയനാമം | മലയാളനാമം | ഉപയോഗഭാഗം |
|---|---|---|---|
| 1. | *Acacia catechu* | കരിങ്ങാലി | കാതൽ |
| 2. | *Aegle marmelos* | കൂവളം | വേര് |
| 3. | *Azadirachta indica* | വേപ്പ് | തൊലി |
| 4. | *Caesalpinia sappan* | ചപ്പങ്ങം | കാതൽ |
| 5. | *Cassia fistula* | കണിക്കൊന്ന | തൊലി |
| 6. | *Ficus racemosa* | അത്തി | തൊലി |
| 7. | *Gmelina arborea* | കുമിഴ് | വേര് |
| 8. | *Holarrhena pubescens* | കുടകപ്പാല | തൊലി |
| 9. | *Oroxylum indicum* | പലകപ്പയ്യാനി | വേര് |
| 10. | *Phyllanthus emblica* | നെല്ലി | ഫലം |
| 11. | *Pongamia pinnata* | ഉങ്ങ് | തൊലി |
| 12. | *Pterocarpus marsupium* | വേങ്ങ | കാതൽ |
| 13. | *Pterocarpus santalinus* | രക്തചന്ദനം | കാതൽ |
| 14. | *Santalum album* | ചന്ദനം | കാതൽ |
| 15. | *Saraca asoca* | അശോകം | തൊലി |
| 16. | *Stereospermum colais* | പാതിരി | വേര് |
| 17. | *Symplocos cochinchinensis* | പാച്ചോറ്റി | വേര് |
| 18. | *Terminalia arjuna* | നീർമരുത് | തൊലി |
| 19. | *Terminalia bellirica* | താന്നിക്ക | ഫലം |
| 20. | *Terminalia chebula* | കടുക്ക | ഫലം |

സെക്ഷൻ ഓഫീസർ